**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം.*416**

**20/10/2016 ൽ**
**മറുപടിയ്ക്ക്**

## കാഷ്യൂ ബോർഡ് രൂപീകരിക്കാൻ നടപടി

**ചോദ്യം**
**ശ്രീ.അടൂർ പ്രകാശ്**
**ശ്രീ.ഹൈബി ഈഡൻ**
**ശ്രീ.കെ.എസ്.ശബരീനാഥൻ**
**ശ്രീ.റോജി.എം.ജോൺ**

**ഉത്തരം**
**മെഴ്സിക്കുട്ടി അമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാഷ്യൂ ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | തീരുമാനിച്ചിട്ടില്ല, പരിഗണനയിലാണ്. |
| (ബി)<br><br><br><br>(സി) | കാഷ്യൂ വ്യവസായത്തിന്റെ വളർച്ചയ്ക്കും ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;<br><br>ബോർഡിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ? | (ബി)<br><br>&<br><br>(സി) | കേരളത്തിൽ കൊല്ലം കേന്ദ്രമായി ഒരു കാഷ്യൂബോർഡ് രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നയ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഈ മേഖലയിലെ മാറ്റങ്ങൾക്കനുസരിച്ച് ഫലപ്രദമായി ഇടപെടുന്ന ഏജൻസിയായി പ്രവർത്തിക്കുന്നതിനും റബ്ബർ ബോർഡു പോലെയും സ്പൈസസ് ബോർഡ് പോലെയും സഹായകമാകും എന്ന നിഗമനത്തിലാണ് ഈ നിർദ്ദേശം കാലാകാലങ്ങളിൽ ഉന്നയിച്ച വന്നത്. എന്നാൽ ഒരു പ്രത്യേക ബോർഡിന്റെ ആവശ്യമില്ലെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്.<br>സംസ്ഥാനത്തെ കശുവണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ഒരു |

| | | | |
|---|---|---|---|
| | | | കേന്ദ്രീകൃത സംവിധാനത്തിലൂടെ കശുവണ്ടി ഇറക്കുമതി ചെയ്ത് ഈ വ്യവസായത്തെ മാറ്റത്തിന്റെ ദിശയിലേയ്ക്ക് നയിക്കാൻ ഉതകുന്ന ഒരു 'സംവിധാനം' നടപ്പിൽ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ